(ഡി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് എത്ര ശതമാനം വളർച്ചയുണ്ടായിട്ടുണ്ടെന്ന് മുൻവർഷങ്ങളെ താരതമ്യം നടത്തി വിശദമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന രാത്രി കാല ലോഡ് ഷെഡ്ഡിംഗ് 1-11-2000-ൽ പിൻവലിച്ചു. ഘട്ടം ഘട്ടമായാണ് ലോഡ് ഷെഡ്ഡിംഗ് പൂർണ്ണ തോതിൽ പിൻവലിച്ചത്. 17-10-1998-ൽ ജില്ലാ ആസ്ഥാനങ്ങളിലെ ലോഡ് ഷെഡ്ഡിംഗും 3-7-1999 മുതൽ കേരള ഗവൺമെന്റ് കലണ്ടറിലുള്ള അവധി ദിവസങ്ങളിലേയും ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയിരുന്നു.

(സി) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

(ഡി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് 62.59 ശതമാനം വളർച്ചയുണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ വൈദ്യുത ഉൽപ്പാദന ശേഷി താഴെ ചേർക്കുന്നു.

1995-96	-	1505.5 മെഗാവാട്ട്
1996-97	-	1508.5 മെഗാവാട്ട്
1997-98	-	1773.78 മെഗാവാട്ട്
1998-99	-	1928.4 മെഗാവാട്ട്
1999-2000	-	2462.60 മെഗാവാട്ട്

പട്ടികസമുദായക്ഷേമ വകുപ്പ് ഏർപ്പെടുത്തിയ ചികിൽസാ ധനസഹായം

12(*41) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾക്ക് വേണ്ടി പട്ടിക സമുദായക്ഷേമ വകുപ്പ് ഏർപ്പെടുത്തിയ ചികിൽസാ സഹായപദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ ആനുകൂല്യം ഇതിനകം എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിക്കായി സർക്കാരിന് ഇതിനകം ചെലവായ തുക എത്രയാണ് ;

(ഡി) ഈ ചികിൽസാസഹായ പദ്ധതി സംബന്ധിച്ച വിവരങ്ങൾ പട്ടികജാതി കോളനികളിൽ പ്രചരിപ്പിക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) വകുപ്പുമന്ത്രിയുടെ പേരിലുള്ള ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിൽസാ ധനസഹായപദ്ധതി ആരംഭിച്ചത് 1995 ജനുവരിയിലാണ്. ഈ പദ്ധതിക്ക് 1997-98-ൽ 25 ലക്ഷം രൂപയും 1998-99-ൽ 35 ലക്ഷം രൂപയും 1999-2000-ൽ 58 ലക്ഷം രൂപയും 2000-2001-ൽ ഇതു വരെ 125 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഹൃദയശസ്ത്രക്രിയപോലുള്ള ചെലവേറിയ ചികിൽസകൾക്കും, മറ്റു മാരകരോഗങ്ങൾക്കും ധനസഹായം നല്കി വരുന്നുണ്ട്.

(ബി) 3442 പേർക്ക്.

(സി) 243 ലക്ഷം രൂപ.

(ഡി) ഈ പദ്ധതിക്ക് വ്യാപകമായ പ്രചാരണംനൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രചരണവിഭാഗം മുഖേനയും, ഫീൽഡുതല ഉദ്യോഗസ്ഥർ മുഖേനയും ഐ.റ്റി.ഡി.പി. കോർഡിനേറ്റർമാർ മുഖേനയും വകുപ്പിന്റെ ഇൻഫർമേഷൻ കം-ഡയറി, ബുക്ക്ലെറ്റുകൾ എന്നിവ വഴിയും കോളനികളിൽ ഈ പദ്ധതിക്ക് വേണ്ട പ്രചരണം കൊടുക്കുന്നുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ട്

13(*42) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കുന്നതുമൂലം സംസ്ഥാനത്തിന് എത്ര ജലം നഷ്ടം വരും ;

(ബി) ഈ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കുന്നതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന ജലനഷ്ടത്തിന് നഷ്ടപരിഹാരം ലഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു ;

(സി) ഈ അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിക്കുന്നത് ഇടുക്കി പദ്ധതിയെ ഏതുവിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly